## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1167 30.01.2018 – ൽ മറുപടിക്ക്**

# പൊതുമരാമത്ത് വകുപ്പിലെ മെല്ലെപ്പോക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സണ്ണി ജോസഫ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തി- |

പ്പെടുത്തുകയും, മരാമത്ത് പ്രവൃത്തി-കൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിനു സഹായകരമാകുന്നുണ്ട്.

മെയിന്റനൻസ് ചീഫ് എഞ്ചിനീ-യറെ നിയമിച്ച് നൂതന സാങ്കേതികവിദ്യ നടപ്പാക്കുന്നു. റിവൈസ് എസ്റ്റിമേറ്റ് നിരുത്സാഹപ്പെടുത്തി, എസ്റ്റിമേറ്റ് കൃത്യമാക്കി. മോശപ്പെട്ട കരാറു-കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഫൈൻ ചുമത്തി.

പൊതുമരാമത്ത് വകുപ്പിൽ ലഭിക്കുന്ന പരാതികളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ കർശന-മായ അച്ചടക്ക നടപടികൾ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 1960 പ്രകാരം സ്വീകരിക്കാറുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എഞ്ചിനീയർ തസ്തികയിലുള്ള എത്ര ഉദ്യോഗസ്ഥർ-ക്കെതിരെ അഴിമതിയുടെയും | (ബി) | 145 എഞ്ചിനീയർ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

ക്രമക്കേടുകളുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു;

സസ്പെന്റ് ചെയ്തവരിൽ ഒരു ചീഫ് എഞ്ചിനീയർ, ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്നു. അഞ്ച് ചീഫ് എഞ്ചിനീയർമാർ, നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ഏഴ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരടക്കം 124 പേരെ ശിക്ഷ നടപടിയായി സ്ഥലം മാറ്റിയിട്ടുണ്ട്.

(സി) എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള മെല്ലെപോക്ക് നയവും കെടുകാര്യസ്ഥതയും കൊണ്ട് തകർന്ന് കിടക്കുന്ന പൊതുമരാമത്ത് റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധവും മെല്ലെപ്പോക്ക് നയവും കെടുകാര്യസ്ഥതയും കാരണം ഇപ്പോൾ റോഡ് തകർന്നു കിടക്കുന്ന സ്ഥിതി വകുപ്പിലില്ല. തകർന്നുകിടക്കുന്ന പൊതുമരാമത്ത് റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എന്നാൽ അവിശുദ്ധ ബന്ധം പരസ്യമായി അവസാനിപ്പിച്ചുവെങ്കിലും ചിലയിടങ്ങളിൽ രഹസ്യമായി നടന്നു വരുന്നതായി കാണുന്നു. അതേപ്പറ്റി വളരെ രഹസ്യമായി സർക്കാർ നിരീക്ഷിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**